MONDAY 11/11/2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : Nizam S A** **Editor : Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 011/11/2024

1. തിരുവനന്തപുരം ജില്ലയിലെ നഗരൂർ പഞ്ചായത്തിൽ വെള്ളല്ലൂർ വില്ലേജ് പരിധിയിലുള്ള ചിന്ത്ര നല്ലൂർ ഏലായിലെ 5 ഏക്കർ തരിശ് ഭൂമി, കാരോട് പാടശേഖര സമിതിയുടെ നേതൃത്വത്തിൽ കൃഷിയോഗ്യമാക്കി. ഇതിൻ്റെ ഭാഗമായി 11. 11.2024-ൽ തിങ്കളാഴ്ച നടക്കുന്ന ഞാറുനടീൽ ഉത്സവം ബഹുമാനപ്പെട്ട നഗരൂർ കൃഷിഭവനിലെ കൃഷി ഓഫീസർ നീയ സലിം -ഉദ്ഘാടനം നിർവഹിക്കും. വാർഡ് മെമ്പർ സിന്ധുരാജീവ്, പാടശേഖര സമിതി പ്രസിഡൻ്റ് സി.സഞ്ജീവ്, സെക്രട്ടറി ബാബുരാജ്, കർഷകക്കൂട്ടായ്മ അംഗങ്ങൾ, മുതിർന്ന കർഷകരായ രാജൻ, പദ്മിനി എന്നിവർക്ക് പുറമെ പേരൂർ എം.എം.യു.പി.സ്കൂളിലെ വിദ്യാർത്ഥികളും പങ്കെടുക്കും.

2. എറണാകുളം ജില്ലയിലെ മലയാറ്റൂർ-നീലീശ്വരം കൃഷിഭവനു കീഴിൽ 'കൃഷി സമൃദ്ധി 2024-2025 പ്രകാരം വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. പോഷകത്തോട്ടം, പച്ചക്കറി തൈകൾ, സ്യൂഡോമോണാസ്, ട്രൈക്കോഡർമ, കുമ്മായം, സമ്പൂർണ വളം മിക്സ്, ഫിഷ് അമിനോ ആസിഡ്, മണ്ണിര കംപോസ്റ്റ്, ജൈവ കീടനാശിനികൾ എന്നിവ ഉൾപ്പെട്ട കിറ്റ് ലഭിക്കാൻ കരം അടച്ച രസീതും 300 രൂപ ഗുണഭോക്തൃ വിഹിതവും സഹിതം അപേക്ഷ നൽകണം. തെങ്ങിൻ്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിന് ഒരു തെങ്ങിന് 35 രൂപ നിരക്കിൽ കരം അടച്ച രസീത് സഹിതം അപേക്ഷ നൽകണം.100 ചതുരശ്ര മീറ്റർ വലുപ്പമുള്ള മഴമറ നിർമിക്കുന്നതിന് സബ്സിഡി ആവശ്യമുള്ള കർഷകർക്ക് അപേക്ഷ നൽകാം. പച്ചക്കറി -സൂക്ഷ്മ കൃഷിക്കാർക്കും അപേക്ഷ നൽകിയാൽ സബ്സിഡി ലഭിക്കും.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗത്തിൽ 'സീനിയർ റിസേർച്ച് ഫെല്ലോ' (ഇൻഡസ്ട്രിയൽ റിസേർച്ച്) തസ്തികയിൽ താത്കാ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലികാടിസ്ഥാനത്തിലുള്ള നിയമനത്തിന് എഴുത്ത് പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് കെമിസ്ട്രി, പോളിമർ കെമിസ്ട്രി, റബ്ബർ സയൻസ് & ടെക്നോളജി എന്നീ വിഷയങ്ങളിലേതിലെങ്കിലും ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2024 ഒക്ടോബർ 31-ന് മുപ്പത്തിരണ്ടു വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവർത്തിപരിചയം തുടങ്ങിയ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2024 നവംബർ 20 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), റബ്ബർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ B.Sc. അഗ്രികൾച്ചർ പഠിച്ചവർക്ക് ഫാം മാനേജ്മെന്റിൽ 15 ദിവസം നീളുന്ന നൈപുണ്യ പരിശീലനം നൽകുന്നു. പരിശീലന ഫീസ് 4500/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കോഴിക്കോട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് നവംബർ മാസം **20ന് പോഷകത്തോട്ടം** എന്ന വിഷയത്തിലും **21ന് അലങ്കാര മത്സ്യകൃഷി പ്രജനനവും പരിപാലനവും** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 2966041 എന്ന ഫോൺ നമ്പറിലോ kvkcalicut@gmail.com എന്ന വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 നവംബർ മാസം **20ന് പോത്തുക്കുട്ടി വളർത്തൽ** എന്ന വിഷയത്തിലും, **27,28 തീയതികളിൽ പന്നിവളർത്തൽ** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശം**

7. കൊക്കോ ചെടിയുടെ എല്ലാ മൃദുവായ ഭാഗത്തെയും മിലി മുട്ട ആക്രമിക്കുന്നു, തൽഫലമായി ഇലകളുടെ വളർച്ച മുരടിച്ച് വികൃതമായി കാണപ്പെടും. വളർച്ചയെത്തിയ കായ്കളെയാണ് അക്രമിക്കുന്നതെങ്കിൽ ഉപരിതരത്തിൽ തവിട്ട് നിറത്തിലുള്ള പാടുകളും ചെറിയ പൊട്ടലുകളും കാണാവുന്നതാണ്. നിയന്ത്രിക്കാനായി പ്രാണികളെ ആകർഷിച്ച് പിടിക്കാൻ മഞ്ഞ കെണികൾ സ്ഥാപിക്കുക. വേപ്പെണ്ണ 30 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ സോപ്പ് ചേർത്ത് തളിക്കുക. ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായിനിയാക്കി തളിക്കുക.

8.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം